# ഈ അഹങ്കാരത്തിന് ഇത്ര അഹങ്കാരമോ!

കബീർ എം. പറളി

ഈ മാസം 7 മുതൽ 9 കൂടിയ ദിവസങ്ങളിലായി മലപ്പുറം ജില്ലയിലെ രണ്ടത്താണിയിൽ വെച്ച് മുസ്‌ലിം നവോത്ഥാന പ്രസ്ഥാനമായ കേരളാ നദ്‌വത്തുൽ മുജാഹിദീനിന്റെ വിദ്യാർഥി വിഭാഗമായ, എം. എസ്. എമ്മിന്റെ, കേരളാ സ്റ്റുഡൻസ് കോൺഫ്രൻസ് വിജയകരമായി നടന്നു. അൽഹംദുലില്ലാഹ്. വിദ്യാർഥി ലോകത്തിന് അനുഗുണമായ സംരംഭങ്ങളുടെ ധർമ്മവും മർമ്മവുമറിഞ്ഞുള്ള സംഘാടനമായിരുന്നു കേരളാ സ്റ്റുഡൻസ് കോൺഫ്രൻസിന്റേത്. അഞ്ച് സ്റ്റേജുകളിൽ 35 സെഷനുകളിലായി നടന്ന പരിപാടികൾ വിദ്യാർഥീ സമൂഹത്തിന്ന്, തങ്ങളുടെ യാത്രാപഥവും, പാഥേയവും, ചെന്നെത്തേണ്ട ലക്ഷ്യവും കാണിച്ചു കൊടുക്കുന്നതായിരുന്നു. സ്വപ്നങ്ങൾ നൽകാനോ, സ്വപ്നങ്ങൾ കാണാനോ ഉള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിന് പകരം, യാഥാർഥ്യങ്ങളെ തൊട്ടറിഞ്ഞ് ജീവിക്കാനുള്ള ദിശാബോധമേകുകയായിരുന്നു സമ്മേളനം. മറ്റൊരർഥത്തിൽ പറഞ്ഞാൽ, സ്വപ്നങ്ങളുടെ ലോകത്തു നിന്നും വിദ്യാർഥീ സഹോദരങ്ങളെ തട്ടിയുണർത്തി യാഥാർഥ്യത്തിന്റെ വിഹായസ്സിലേക്ക് വഴികാണിക്കുകയായിരുന്നു. അല്ലെങ്കിലും, സ്വപ്നങ്ങൾ കാണാനും, സ്വപ്നങ്ങൾ കണ്ടുറങ്ങാനും സജീവമായ, ചലനാത്മകമായ, ജീവിതഗന്ധിയായ ഒരു വേദി തന്നെ വേണമെന്നില്ല; അതിനുവല്ല മൂന്നാറോ, ഊട്ടിയോ, പോട്ടയോ മതിയാകും!

ഒരു മഹത്തായ സമ്മേളനത്തിന്റെ വിലയിരുത്തലിനിടയിൽ 'സ്വപ്നം' കടന്നുവന്നതെന്തിന് എന്നാലോചിക്കുന്നവരുണ്ടാകും. അത് മറ്റൊന്നു കൊണ്ടുമല്ല; സ്വപ്നങ്ങളോടും, നടപ്പിലാക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ധാരാളം സ്വപ്നങ്ങൾ പേറുന്ന കൂടാരങ്ങളോടും അനുരാഗമുള്ള ചില കോളമിസ്റ്റുകൾ, വിദ്യാർഥീ ലോകത്ത് ഉജ്ജ്വല ചരിത്രമായിത്തീർന്ന കേരളാ സ്റ്റുഡന്റ്സ് സമ്മേളനത്തെ വിശകലനം ചെയ്ത് കൊണ്ട് ഒരു തനതു വാറോല രചിച്ചത് ശ്രദ്ധയിൽ പെട്ടതു കൊണ്ടാണ്. ജമാഅത്തു പ്രസിദ്ധീകരണമായ പ്രബോധനം വാരികയിലാണ് ലേഖനം അച്ചടിച്ചു വന്നത്. (ജനു. 22, 2011). ലേഖകൻ, ജമാഅത്തു പാളയത്തിൽ വളർന്നു കൊണ്ടിരിക്കുന്ന ചുറുചുറുക്കുള്ള ചെറുപ്പക്കാരൻ. ഉയർന്ന ചിന്തയും, വിശകലനപാടവവും, സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളെ സംബന്ധിച്ച പരിധിയിൽ കവിഞ്ഞ അറിവും, അക്ഷരക്കൂട്ടിന്റെ മർമ്മബോധവുമൊക്കെയുള്ള ആളെന്ന് ജമാഅത്തെ ഇസ്‌ലാമി ധരിക്കുന്ന, ഇനിയും താടി നരച്ചിട്ടില്ലാത്ത എഴുത്തുകാരൻ.

എം. എസ്. എം. സമ്മേളനത്തെ വിലയിരുത്തിക്കൊണ്ട് അദ്ദേഹമെഴുതി: ''പത്രങ്ങളിൽ അച്ചടിച്ചു വന്ന സമ്മേളന ഫോട്ടോകളിൽ നരച്ച തലമുടിയും നിർബാധം താടിയുമുള്ള വൃദ്ധരാണ് വേദി നിറയെ. വിദ്യാർഥീ പ്രസ്ഥാനത്തിന്റെ സംസ്ഥാന സമ്മേളനത്തിൽ സ്റ്റേജിന്റെ മുൻനിരയിലിരിക്കാൻ ഒരു വിദ്യാർഥീ നേതാവുമില്ല. നോക്കിയാൽ വേദിയുടെ പിൻനിരയിൽ എവിടെയെങ്കിലും കുറച്ച് വിദ്യാർഥീ നേതാക്കളെ കാണാം.''

ജമാഅത്തെ ഇസ്‌ലാമിയിലെ നവസൈദ്ധാന്തികൻ, ഒരു ബ്രഹദ് സംരംഭത്തെ സംബന്ധിച്ച് നടത്തിയ വിശകലനത്തിന്റെ തുടക്കമാണ് നാമീ വായിച്ചത്! നരച്ച തലമുടിയോടും നിർബാധത്താടിയോടും ജമാഅത്തെ ഇസ്‌ലാമിക്കുള്ള അലർജി ജനസമക്ഷം സുവിധിതമാണ്. അതുകൊണ്ടുതന്നെ അത് രണ്ടുമുള്ള ജമാഅത്തു നേതാക്കളെ, ലേഖകൻ തന്റെ ലേഖനത്തിൽ മറ്റൊരിടത്തെഴുതിയതുപോലെ, വല്ല 'ആർക്കൈവൽ മ്യൂസിയ'ങ്ങളിലേ കാണാൻ സാധിക്കൂ. അതെന്തുമാകട്ടെ; മുൻനിരയിൽ 'ഇരിക്കാൻ' പഠിപ്പിക്കപ്പെട്ട ഒരു സംഘമാണൊ കേരളാ വിദ്യാർഥീ സമ്മേളനം നടത്തിയത്? നിലവിളക്കും താലപ്പൊലിയും പൂമാലയും ഏറ്റുവാങ്ങി അഹങ്കാരത്തോടെ നടന്നു നീങ്ങുന്ന നേതാക്കളായിരുന്നുവൊ ഈ സമ്മേളനത്തിന്റെ സംഘാടകർ? അല്ലേയല്ല. പറഞ്ഞു കൊടുക്കാനും കേൾക്കുന്നവരോടൊപ്പം നിന്ന് പണിയെടുക്കാനും ശീലിച്ചവരാണ് എം.എസ്.എമ്മിന്റെ നിസ്വാർഥരായ കർമ്മഭടന്മാർ. അവരെയതിന് ശീലിപ്പിച്ചവരാണ് മിസ്റ്റർ ദാവൂദ്, ഞങ്ങളുടെ സ്റ്റേജിൽ നിറഞ്ഞു നിന്ന ജ്ഞാനവൃദ്ധരായ നരച്ചമുടിക്കാർ, നിർബാധത്താടിക്കാർ. അവരുടെ സാന്നിധ്യം ഞങ്ങൾക്ക് ആഹ്ലാദമായിരുന്നു. അവരുടെ നേതൃത്വം ഞങ്ങൾക്ക് അനുഭൂതിയായിരുന്നു. അവർ കാണിച്ച വഴിയേ ഞങ്ങൾ

നടക്കുന്നത് കാണുമ്പോൾ അവരുടെ ചുണ്ടുകളിലുണ്ടായിരുന്ന വിനയംപുരണ്ട പുഞ്ചിരി ഞങ്ങളുടെ ഊർജ്ജമായിരുന്നു. ജമാഅത്തു പാളയത്തിൽ തലനരച്ച ഒരുത്തനേയും കണ്ടു ശീലമില്ലാത്ത നിങ്ങൾക്ക് അത് മനസ്സിലാക്കാൻ പക്ഷെ, കാര്യബോധമുണ്ടാകില്ല. അല്ലെങ്കിലും പത്രങ്ങളിലച്ചടിച്ചു വന്ന ഫോട്ടോകൾ നോക്കി മാത്രം ഒരു മഹാസമ്മേളനത്തിന്റെ മൂല്യാങ്കനം നടത്തിയ ഈ കോളമിസ്റ്റിന് എന്ത് രംഗബോധം, അല്ലെ?! വിദ്യാർഥി നേതാക്കന്മാർമാത്രം മുൻനിരയിലിരുന്നാലേ വിദ്യാർഥി സമ്മേളനമാകൂ എന്ന് ധരിച്ചുവെച്ച ദാവൂദിന്റെ അന്ധവിശ്വാസത്തെ അവഗണിക്കുകയാണ് ഭേദം.

അദ്ദേഹമെഴുതി: ''മദ്രസകളിൽ ഞായറാഴ്ചകളിൽ നടക്കുന്ന സാഹിത്യ സമാജങ്ങൾക്ക് ഒരു 'വിഷയം' തെരഞ്ഞെടുക്കുന്ന പതിവുണ്ട്. അച്ചടക്കവും വിദ്യാർഥികളും, മാതാപിതാക്കളോടുള്ള കടപ്പാടുകൾ, വിദ്യാഭ്യാസത്തിന്റെ ആവശ്യകത എന്നിങ്ങനെ... അതുപോലൊരു തലക്കെട്ടാണ് എം. എസ്. എം. സമ്മേളനത്തിന്റെ കേന്ദ്രപ്രമേയം- അറിവ് സമാധാനത്തിന്. അറിവനെക്കുറിച്ചോ സമാധാനത്തെക്കുറിച്ചോ ഉള്ള പുതിയ എന്തെങ്കിലും കാഴ്ചപ്പാടുകളോ ആശയങ്ങളോ സമ്മളനത്തിൽ അവതരിക്കപ്പെട്ടതുമില്ല.''

പത്രവാർത്തകൾ മാത്രം നോക്കി, മൂക്കിന്റെ മുന്നിൽ നടന്ന ഒരു സമ്മേളനത്തിലെ പ്രമേയങ്ങളേയും, ചർചകളേയും ഇങ്ങനെ കിറുകൃത്യമായി വിശകലനം ചെയ്യാനുള്ള ലേഖകന്റെ ശേഷിയെ ഏത് താലപ്പൊലിയേന്തിയാണ് നാം ആദരിക്കേണ്ടത്! അറിവ് സമാധാനത്തിന് എന്ന പ്രമേയം മദ്രസാ സാഹിത്യസമാജങ്ങളിലെ വിഷയങ്ങൾക്ക് തുല്യമാണത്രെ! ആയ്ക്കോട്ടെ, അതിനദ്ദേഹം എടുത്തു കൊടുത്ത ഉദാഹരണങ്ങൾ ശ്രദ്ധിക്കൂ. എൻഡോസൾഫാന്റെ വീര്യമൊ, കൊക്കോകോളയുടെ ആഢ്യത്വമൊ, മുക്കാൽ സെന്റിന്റെ വീതിയോ, എക്സ്പ്രസ് ഹൈവേയുടെ നീളമോ, സാമ്രാജ്യത്വത്തിന്റെ ഗൗരവമൊ, ഇറാനിയൻ സിനിമകളുടെ ജൈവികതയൊ ഈ പറയപ്പെട്ട വിഷയങ്ങൾക്കുണ്ടൊ?! ഇല്ലേയില്ല! ലേഖകനെ ചൊടിപ്പിച്ചത് അതാണ്. അതേസമയം, കേവലം സാഹിത്യസമാജ വിഷയമായ കേന്ദ്രപ്രമേയം മുന്നിൽ വെച്ച്കൊണ്ട് നടത്തപ്പെട്ട സമ്മേനത്തിൽ അറിവിനെക്കുറിച്ചും സമാധാനത്തെ കുറിച്ചുമുള്ള പുതിയ കാഴ്ചപ്പാടുകളും ആശയങ്ങളും അവതരിക്കപ്പെട്ടില്ല എന്നും അദ്ദേഹം പരിതപിക്കുന്നുണ്ട്. വാക്കുകളിൽ പൂർവാപരബന്ധം ചേർക്കാനെങ്കിലും പഠിച്ചതിന് ശേഷമായിക്കൂടേ ഈ ലേഖനമെഴുത്തും വിശകലനക്കൂത്തും? എന്ന് ചോദിച്ചു പോവുകയാണ്.

അറിവ് സമാധാനത്തിന് എന്ന എം. എസ്. എം സമ്മേളനത്തിന്റെ പ്രമേയം കാലികമാണെന്നും വിപ്ലവാത്മകമാണെന്നും ദാവൂദിനറിയാനായിട്ടില്ലെങ്കിലും, അദ്ദേഹമുൾക്കൊള്ളുന്ന സംഘടയുടെ വിദ്യാർഥി വിഭാഗം അത് മനസ്സിലാക്കിയിട്ടുണ്ട്. സമ്മേളന നാളുവരെ കേരളം മുച്ചൂടും നടന്ന പ്രചരണങ്ങളിൽ നിന്നും പ്രമേയ വിശദീകരണങ്ങളിൽ നിന്നുമായിരിക്കണം അവരത് മനസ്സിലാക്കിയത്. അത് കൊണ്ട് തന്നെ നെടുനീളൻ ബാനർ വെച്ചുകൊണ്ടാണ് അവർ സമ്മേളനത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചത്: എം. എസ്. എം. കേരളാ സ്റ്റുഡന്റ്സ് കോൺഫ്രൻസിന് എസ്. ഐ. ഒ. യുടെ വിപ്ലവാഭിവാദ്യങ്ങൾ! താടി മുളക്കാൻ തുടങ്ങുന്നതിന്നും, മുടി നരച്ചു കഴിയുന്നതിന്നും ഇടക്കുള്ള ശാരീരികാവസ്ഥയിൽ ജീവിക്കുന്ന ഒരാൾക്ക് യാഥാർഥ്യം മനസ്സിലാക്കാനുള്ള വിവേകം നശിച്ചു തുടങ്ങും എന്ന് ഏതെങ്കിലും ശാസ്ത്രശാഖ പ്രഖ്യാപിച്ചതായി അറിവില്ല. പക്ഷെ, സി. ദാവൂദുമാർ സംശയം ജനിപ്പിക്കുന്നു.

ലേഖകൻ എഴുതി: ''പ്രമാണങ്ങളുടെ ഫയൽക്കെട്ടുകൾ സൂക്ഷിച്ചു വെക്കാൻ ഒരു പ്രസ്ഥാനം ആവശ്യമില്ല; മികച്ച ഒരു ആർക്കൈവൽ മ്യൂസിയം മതി.''

ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ പ്രമാണങ്ങളോടുള്ള പ്രതിബദ്ധതയേയും പ്രാമാണികമായ നിലപാടുകളേയും അവമതിക്കാനാണ് ലേഖകൻ ഈ വരികൾ എഴുതിവിട്ടത്. അഹങ്കാരത്തിന് ഇത്ര അഹങ്കാരമൊ?! വേണം ദാവൂദ്, വേണം; പ്രമാണങ്ങളുടെ ഫയൽക്കെട്ടുകൾ സൂക്ഷിച്ചു വെക്കാൻ ഒരു പ്രസ്ഥാനം വേണം. അതാണ് ഇസ്‌ലാഹീ പ്രസ്ഥാനം. അക്കാര്യത്തിൽ ഞങ്ങൾ അഭിമാനിക്കുന്നു. നാഴികക്കുനാഴിക പ്രമാണങ്ങൾ മാറ്റുകയും, ഫയലുകൾ തിരുത്തുകയും, അല്ലെങ്കിൽ പാടെകത്തിച്ചു കളയുകയും ചെയ്യുന്ന ജമാഅത്തെ ഇസ്ലാമിക്ക് പ്രമാണങ്ങളുടെ വിലയും അത് സജീവം സൂക്ഷിച്ചു വെക്കേണ്ടതിന്റെ പ്രാധാന്യവുമറിയില്ല. മ്യൂസിയങ്ങൾ ഓർമ്മിക്കാനുള്ളവയാണ് ഉപയോഗിക്കാനുള്ളവയല്ല. ദൈവിക പ്രമാണങ്ങൾ അഥവാ ഖുർആനും സുന്നത്തും ഉപയോഗിക്കാനുള്ളവയാണ് ഓർമ്മിക്കാൻ മാത്രമായുള്ളവയല്ല. അതുകൊണ്ടുതന്നെ, പ്രമാണങ്ങളിൽ നിന്ന് ഊർജ്ജമുൾക്കൊണ്ട് സമൂഹത്തിന് ശരിയായ ആദർശം പ്രസരിപ്പിച്ച് നിലകൊള്ളുകയാണ് ഇസ്‌ലാഹീ പ്രസ്ഥാനം. അത് ജഡമല്ല, ജൈവികം തന്നെയാണ്. അത് സഞ്ചരിച്ച വഴികളിലൊരിടത്തും തീവ്രവാദം പോലെ ജയിലിലടക്കാവുന്നതോ, എൻഡോസൾഫാൻ പോലെ നിരോധിക്കപ്പെടാവുന്നതോ ആയ ഒരു സാമൂഹ്യ

പ്രശ്നവും ഉണ്ടാക്കിയിട്ടില്ല. അപ്പുറത്ത്, ദാവൂദിന്റെ തൊടിയിലാകട്ടെ അത്തരം കേസു കെട്ടുകൾ നിരവധിയാണുതാനും.

അദ്ദേഹമെഴുതി: ''ജീവികൾ ജഡമായാൽ സംസ്കരിക്കാം. എന്നാൽ പ്രസ്ഥാനം ജഡമായാൽ അത് ജീർണ്ണിക്കുകയേ ഉള്ളൂ. ജീർണ്ണിച്ച ഒരു ജഡം സൃഷ്ടിക്കുന്ന പരിസ്ഥിതി/ആരോഗ്യ പ്രശ്നങ്ങൾ നമുക്കറിയാം. മുജാഹിദ് പ്രസ്ഥാനത്തിന്റെ ഇന്നത്തെ ഇടപെടലുകൾ സൃഷ്ടി ക്കുന്ന പ്രശ്നങ്ങളും അതു തന്നെയാണ്.''

ഏത് തരം ആധാരങ്ങളെ മുന്നിൽ വെച്ചാണ് ലേഖകൻ ഇപ്രകാരം എഴുതിയിരിക്കുക? മുജാഹിദ് പ്രസ്ഥാനത്തിന്റെ സാമൂഹിക ഇടപെടലുകൾ കേരളമണ്ണിൽ സൃഷ്ടിച്ച ആരോഗ്യ/പാരിസ്ഥിതിക പ്രശ്നങ്ങൾ എന്താണ്? പ്രവാചകന്മാരായ പ്രവാചകന്മാരൊക്കെ മണ്ണിൽ പ്രബോധനം ചെയ്ത വിശുദ്ധ തൗഹീദ് പ്രാധാന്യപൂർവം ജനങ്ങളെ പഠിപ്പിക്കുന്നൂ എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ വ്യതിരിക്തത. ഖുർആനും സുന്നത്തുമാകുന്ന പ്രമാണങ്ങൾ മ്യൂസിയത്തിൽ തള്ളാതെ, കയ്യിൽ വെച്ചുപയോഗിക്കുന്നൂ എന്നതും അതിന്റെ മഹത്വം തന്നെ. അതിന്റെ പ്രബോധനങ്ങളോ, പ്രവർത്തനങ്ങളോ, പ്രതിഷേധങ്ങൾ പോലുമോ വിവേകമുള്ള ഒരു കേരളീയനാലും വിമർശിക്കപ്പെട്ടിട്ടില്ല. സുതാര്യമാണ് അതിന്റെ അജണ്ട. സുവ്യക്തമാണ് അതിന്റെ ആദർശം. പോലീസ് ബണ്ടുകൾ തകർക്കാൻ ഒരു പെണ്ണിനേയും ഈ പ്രസ്ഥാനം പരിശീലിപ്പിച്ച് റോട്ടിലിറക്കിയിട്ടില്ല. 'ഷൂട്ടസ് അറ്റ് പോയിന്റ് ബ്ലാങ്ക്' എന്നാക്രോശിച്ച് ഒരൊറ്റ വിദ്യാർഥിയേയും ഷർട്ടൂരി നിരത്തിലൂടെ നടത്തിച്ചിട്ടില്ല. ചാണകവെള്ളവും കുറ്റിച്ചൂലും കയ്യിൽ നൽകി ഒരു യുവാവിനേയും പരിസരമലിനീകരണത്തിന് വിട്ടയച്ചിട്ടില്ല. വിശ്വാസികളെ ആത്മീയതയുടെ ഋജുവഴിയിൽ നിന്ന് തിരിച്ചു നടത്താവുന്ന ഒരു ഫിലിം ഫെസ്റ്റിവലും സംഘടിപ്പിച്ചിട്ടില്ല. അനാവശ്യമായി കയ്യുയർത്തി ഒരു ആകാശതാഡനം പോലും നടത്തി യിട്ടില്ല. പിന്നെ, എന്ത് ആരോഗ്യപ്രശ്നമാണ്, പാരിസ്ഥിതിക പ്രശ്നമാണ് മുജാഹിദു പ്രസ്ഥാനം ഇവിടെ വരുത്തി വെച്ചിട്ടുള്ളത?

എം. എസ്. എം. സമ്മേളനത്തെ സംബന്ധിച്ച ലേഖകന്റെ 'വിശകലനവികൃതി' എന്തിനായിരു ന്നുവെന്ന് അതിന്റെ അവസാനമെത്തുമ്പോൾ കൃത്യമായി ബോധ്യമാകുന്നുണ്ട്. സജീവമായ ഈ നവോത്ഥാന പ്രസ്ഥാനത്തെ ഇകഴ്ത്തിവേണം ഒരു യാഥാസ്ഥിതിക പ്രസ്ഥാനത്തെ പുകഴ്ത്തി കയ്യടി (അല്ലെങ്കിൽ വരും കാലത്ത് ഒരു വോട്ട്) നേടാൻ എന്നതു തന്നെയാണ് അതിന്റെ ലക്ഷ്യം. അല്ലെങ്കിൽ വിശുദ്ധ ഖുർആനിനേയും പ്രവാചക മൊഴികളേയും പച്ചക്ക് ദുർവ്യാഖ്യാനിക്കുന്ന, ആൾദൈവ സംസ്കാരവും, ഖബർ വ്യവസായവും മുസ്ലിം ഉമ്മത്തി നിടയിൽ കൊഴുപ്പിക്കുന്ന, ശിർക്കിന്റേയും ബിദ്അത്തിന്റേയും പ്രചാരവേദിയിൽ ബഹുദൂരം മുന്നിട്ടു നിൽക്കുന്ന ഒരു നേതാവിന്റേയും അയാളുടെ കൂടാരത്തിന്റേയും അതിന്റെ സമ്മേളനത്തിന്റേയും മഹിമ പറയാൻ ദാവൂദ് മിനക്കെട്ടത് പിന്നെന്തിനാണ്? ഇസ്ലാമിനോട് അൽപമെങ്കിലും കൂറും താത്പര്യവുമുള്ള ഒരാളിൽ നിന്ന് ഇത്തരമൊരു താരതമ്യവിശകലന മുണ്ടാകാൻ സാധ്യതയേയില്ല. മർകസ് വെറും കോൺക്രീറ്റ് കൂടാരമല്ലെന്നും സ്വപ്നങ്ങൾ പേറുന്ന ഒരു പ്രസ്ഥാനമാണെന്നും അതിന്റെ നടത്തിപ്പുകാരിലൊരാൾ പറയാതെ പറഞ്ഞ താണത്രെ ലേഖകനെ ഇത്രമാത്രം ത്രസിപ്പിച്ചത്! അദ്ദേഹമെഴുതുന്നത് വായിക്കുക:

''കേരളം എന്നതിനപ്പുറം ഇന്ത്യ എന്ന വിശാലമായ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നത്. പറഞ്ഞുറച്ചുപോയ കാര്യങ്ങൾക്ക് പുറത്തുകടന്ന് ധിഷണയുടെ തിളക്കം ആ സംസാരത്തിൽ കാണാം. മർകസ് വെറും കോൺക്രീറ്റ് കൂടാരമല്ലെന്നും സ്വപ്നങ്ങൾ പേറുന്ന ഒരു പ്രസ്ഥാനമാണെന്നുമാണ് അദ്ദേഹം നമ്മോട് പറയുന്നത്. ഇപ്പറയു ന്നതൊക്കെ മർക്കസ് അല്ലെങ്കിൽ എ.പി സുന്നികൾ നടപ്പിലാക്കുന്നുണ്ടോ എന്ന് ചോദി ച്ചേക്കാം. ഉണ്ടെങ്കിലും ഇല്ലെങ്കിലും വ്യത്യസ്തമായ സ്വപ്നങ്ങളും കാഴ്ചപ്പാടുകളും പങ്കുവെക്കാൻ അദ്ദേഹത്തിന് കഴിയുന്നുവെന്നതു തന്നെ പ്രധാനമാണ്. മലബാറിൽ നിന്ന് മലബാറിനെക്കുറിച്ചു മാത്രം ചിന്തിക്കുന്ന, ഇന്നിൽ നിന്ന് ഇന്നലെകളെക്കുറിച്ചു മാത്രം വാതോരാതെ സംസാരിക്കുന്ന മതസംഘടനകൾക്കിടയിൽ നിന്ന്, വിശാലമായ മുസ്ലിം മണ്ഡലത്തെക്കുറിച്ച് സംസാരിക്കുന്നത്, നാളെയെക്കുറിച്ച് സ്വപ്നം കാണുന്നത് പ്രധാനം തന്നെയാണ്.''

ഏത് മതം പഠിച്ചയാളാണ് ഈ സ്വപ്നസ്നേഹി? ഇയാൾ പഠിച്ച മതം ഇസ്ലാമാവുക സാധ്യമല്ല. സമൂഹത്തിന്റെ മുന്നിൽ പുതിയ സ്വപ്നങ്ങളും വീക്ഷണങ്ങളും മാത്രം അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ഉമ്മത്തിനെ പ്രവാചകതിരുമേനി (സ്വ) വാർത്തെടുത്തി ട്ടുണ്ടോ? ഏത് ചരിത്ര പുസ്തകത്തിലാണത് കാണാനാവുക? ''നിങ്ങൾ സ്വപ്നം കണ്ടോളൂ, അവ പ്രാവർത്തികമാക്കിയില്ലെങ്കിലും പ്രധാനം തന്നെ'' എന്നോ മറ്റൊ ആശയമുള്ള ഒരു

പ്രവാചക വചനം ഏത് ഹദീസ് ഗ്രന്ഥത്തിൽ നിന്നും നമുക്ക് വായിക്കാനാകും? ഇന്നലെ കളിലെ ഇസ്‌ലാമിക സംസ്കൃതിയെപ്പറ്റി വാതോരാതെ സംസാരിക്കാത്ത ഒരു മുസ്‌ലിമിന്, ആവർത്തിക്കട്ടെ ഒരു മുസ്‌ലിമിന്, മുസ്‌ലിമിന്റേതായ അസ്ഥിത്വമുണ്ടാകുമൊ? ദാവൂദിന്റെ കക്ഷിയെ സംബന്ധിച്ചിടത്തോളം സച്ചരിത സലഫിന്റെ ഇന്നലെകളിലേക്ക് നോക്കാൻ പേടിയുണ്ടാകും; അത്രകണ്ടുണ്ടല്ലൊ അവരുമായുള്ള തങ്ങളുടെ ആദർശബന്ധം! തൊട്ടടുത്ത് കഴിഞ്ഞുപോയ തങ്ങളുടെ ഭൂതകാലത്തേക്ക് കണ്ണയക്കാനും, അതിനെക്കുറിച്ച് സംസാരി ക്കാനും ഭയമുണ്ടാകും; അത്രകണ്ടകന്നിട്ടുണ്ടല്ലൊ നിങ്ങളാ പ്രോഗ്രാം പോളിസികളിൽ നിന്ന്. ഇസ്‌ലാഹീ പ്രസ്ഥാനത്തിന് പക്ഷെ, ആ പേടിയില്ല. ദാവൂദ് പറഞ്ഞ ആ യാഥാസ്ഥിതിക പ്രമാണങ്ങളുണ്ടല്ലൊ, ഖുർആനും സുന്നത്തും: അവ ഞങ്ങൾക്ക് നൽകുന്ന ധൈര്യമാണത്. പ്രചരിപ്പിക്കാൻ ആദർശങ്ങളും, നടപ്പിലാക്കാൻ പദ്ധതികളും, നടന്നു നീങ്ങാൻ വഴിദൂരങ്ങളും, ആത്യന്തികമായി നേടാൻ അതിമഹത്തായ ലക്ഷ്യങ്ങളുമുള്ള ഈ പ്രസ്ഥാനത്തിന് ആകാശം മുട്ടുന്ന സ്വപ്നങ്ങളില്ല. മലബാറിലൊതുങ്ങുന്ന പ്രതീക്ഷകളേ ഉള്ളൂ. ആ പ്രതീക്ഷകൾക്കൊത്ത പ്രവർത്തനങ്ങൾക്ക് പടച്ച തമ്പുരാനേ പരലോകത്ത് നീ സ്വർഗം പ്രതിഫലമായി നൽകിയാലും എന്ന പ്രാർഥനയേ ഉള്ളൂ.

ഇസ്‌ലാഹീ പ്രസ്ഥാനത്തെ അവമതിച്ച്, ഒരു ഖുറാഫീ പ്രസ്ഥാനത്തെ പുകഴ്ത്താൻ ലേഖകൻ തന്റെ ഏററവും മികച്ച ഭാവനകളും പദങ്ങളുമാണ് ഉപയോഗിച്ചിട്ടുള്ളത്. അറിഞ്ഞേടത്തോളം പുത്രാഭിഷേക സംസ്കാരത്തെ അംഗീകരിക്കുന്നവരല്ല ജമാഅത്തുകാർ. (അത് അവരുടെ പഴയ മതമാണൊ എന്നറിഞ്ഞുകൂടാ). എന്നാൽ ‘ഞാനും എന്റെ മകനും പിന്നെ മരുമകനും’ എന്ന ആദർശത്തിലൂന്നി ജീവിക്കുന്ന കാന്തപുരം അബൂബക്കർ മുസ്‌ല്യാരേയും ദാവൂദ് കണക്കിന് വാഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. അയാളുടെ ജൈവികതയിലും ജനകീയതയിലും അന്തം വിട്ടുനിൽക്കുന്ന ലേഖകനെ കാണണമെങ്കിൽ അദ്ദേഹത്തിന്റെ വരികൾ വായിക്കുക:

‘‘വിശാലമായ മുസ്ലിം മണ്ഡലത്തെക്കുറിച്ച് സംസാരിക്കുന്നത്, നാളെയെക്കുറിച്ച് സ്വപ്നം കാണുന്നത് പ്രധാനം തന്നെയാണ്. അങ്ങനെയൊരു വ്യത്യസ്ഥമായ പ്രാധാന്യത്തിലേക്ക് കേരളത്തിലെ സുന്നീ പ്രസ്ഥാനത്തെ എടുത്തുയർത്തിവെക്കാൻ സാധിച്ചുവെന്നതാണ് കാന്തപുരം അബൂബക്കർ മുസ്‌ലിയാരുടെ പ്രസക്തി... കേരള മുസ്‌ലിം സമൂഹത്തിൽ കാന്തപുരത്തിന്റെ സ്ഥാനവും പ്രസക്തിയുമെന്താണ്, മുസ്‌ലിം സമൂഹത്തിലെ ശ്രദ്ധേയനാ യൊരു ജൈവിക നേതാവായി അദ്ദേഹം വളർന്നുവന്നതിന്റെ രസതന്ത്രം എന്താണ്, നവോത്ഥാന പ്രസ്ഥാനം എന്ന നിലയിൽ നിന്ന് കേവലമായ ഒരു മതയാഥാസ്ഥിതിക കക്ഷി എന്ന നിലയിലേക്ക് മുജാഹിദ് പ്രസ്ഥാനത്തിന്റെ പരിണാമം എങ്ങനെയാണ് എന്നിത്യാദി കാര്യങ്ങൾ വിശദമായ സാമൂഹിക ശാസ്ത്ര വിശകലനങ്ങൾക്ക് വിധേയമാക്കേണ്ടതാണ്.’’

മേലെ വായിച്ച വരികളേക്കാൾ പരിഹാസ്യമായ വരികൾ ജമാഅത്തു കേന്ദ്രങ്ങളിൽ നിന്ന് ഇനി വിവേകമതികളായ കേരളമുസ്‌ലിംകൾക്ക് വായിക്കാനുണ്ടാകില്ല! കാന്തപുരം ആരോ ആകട്ടെ. അദ്ദേഹം ആകാശത്തോളം വളർന്നു വലുതാകട്ടെ. വ്യത്യസ്തമായ സ്വപ്നലോക ത്തേക്ക് സുന്നീ പ്രസ്ഥാനത്തെ അയാൾ എടുത്തുയർത്തിവെച്ചോട്ടെ. അയാളൊരു ജൈവിക നേതാവൊ വൈദികനേതാവൊ ആയി വളർന്നുയർന്ന് പടർന്ന് നിന്നോട്ടെ. അതിലാർ ക്കെങ്കിലും അത്ഭുതമൊ അതിലേറെ മതിഭ്രമമൊ ഉണ്ടെങ്കിൽ അതിനും ഞങ്ങൾക്ക് പ്രശ്നമില്ല. പക്ഷെ, മുജാഹിദു പ്രസ്ഥാനത്തെ നവോത്ഥാന പ്രസ്ഥാനമായി ഉയർത്തി യാഥാസ്ഥിതിക കക്ഷിയായി താഴ്ത്താൻ വേണ്ടി തികഞ്ഞ ഒരു ജാറവ്യവസായിയായ ഒരു മനുഷ്യന്റെ സ്ഥാനമാനങ്ങളേയും ജൈവികതയേയും കൂട്ടുപിടിച്ച ആ കുടിലതയുണ്ടല്ലൊ, ദാവൂദ്, അസഹ്യമായ നാറ്റമുണ്ടതിന്ന്. താൻ നിലകൊള്ളുന്ന പ്രസ്ഥാനത്തിന്റെ നിലവിലെ ദുരവ സ്ഥക്ക് മാറ്റമുണ്ടാക്കാൻ കാന്തപുരത്തിന്റെ വളർച്ചയുടെ രസതന്ത്രം ഉപകരിക്കുമെങ്കിൽ താങ്കളതുപയോഗിച്ചോളൂ. ‘വിശദമായ സാമൂഹിക ശാസ്ത്ര വിശകലനങ്ങൾ’ക്കായി പ്രസ്തുത മേഖലയിലെ ശാസ്ത്രജ്ഞർക്ക് താങ്കൾ ക്വട്ടേഷൻ കൊടുക്കുന്നതിന് മുമ്പ് വിനയത്തോടെ ഒരു കാര്യം പറഞ്ഞോട്ടെ, ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ വളർച്ചക്കൊ, അതിന്റെ കർമ്മ നിരതമായ പ്രയാണത്തിനോ കാന്തപുരത്തിന്റെ രസതന്ത്രമൊ, അദ്ദേഹത്തിന്റെ ഊർജ്ജതന്ത്രം പോലുമൊ ഞങ്ങൾക്കാവശ്യമില്ല. അവയെല്ലാം ഒരുതരം ‘തന്ത്ര’ത്തിന്റെ മാത്രം ഭാഗമാണ് എന്ന് തിരിച്ചറിവുള്ളവരാണ് മുജാഹിദുകൾ; അവരിലെ ഒരു സാധാ വിദ്യാർഥി പോലും.

മുജാഹിദു പ്രസ്ഥാനത്തിന്റെ വളർച്ചക്കും ഉയർച്ചക്കും മാതൃകയാക്കാവുന്ന, ഉയർന്ന ജൈവികതയും സുതാര്യമായ രസതന്ത്രവുമുള്ള ഒരു തലമുറ ചരിത്രത്തിൽ കഴിഞ്ഞു പോയിട്ടുണ്ട്. അവർ മുവഹ്ഹിദുകളായിരുന്നു. ശിർക്കിനോടും ബിദ്അത്തുകളോടും അവർക്ക് വെറുപ്പായിരുന്നു. ഖബർകെട്ടിയുയർത്തുന്നവരോടും ഖബറാരാധകരോടും അവർക്ക് കർക്കശ

നിലപാടായിരുന്നു. അനിസ്ലാമികതകൾക്കെതിരിൽ സന്ധിയില്ലാത്ത സമരത്തിലേർപ്പെട്ട, ആ മഹാത്യാഗികൾ സ്വപ്നലോകത്തേക്ക് ആരേയും ഉയർത്തിവെച്ചിട്ടില്ല. സ്വർഗലോകത്തേക്ക് വഴികാണിച്ചു കൊടുത്തിട്ടേയുള്ളു. ഏതൊരു പ്രമാണങ്ങൾ കൊണ്ട് ആ ഉമ്മത്ത് വരും തലമുറക്ക് വഴികാണിച്ചുവോ ആ പ്രമാണങ്ങൾ, അതെ, ആ യാഥാസ്ഥിതിക പ്രമാണങ്ങൾ മതി മുജാഹിദുകൾക്ക്. എന്തുകൊണ്ടെന്നാൽ അവയിലാണ് ഹൃദയമുള്ളത്, അവയിലാണ് നൂറുള്ളത്. അവ മുഖേനയാണ് ലോകമാതൃകകളായി ഒരു സംസ്കൃതസമൂഹം പിറകൊണ്ടത്. പുതിയകാലത്തോടും ലോകത്തോടും സംവദിക്കാൻ ഇസ്ലാമിന്റെ ആ മഹിതപ്രമാണങ്ങൾക്ക് കെൽപ്പുണ്ട് എന്ന് വിശ്വസിക്കുന്നവരാണ് മുജാഹിദുകൾ. അതില്ലാത്തവർ ആർക്കൈവൽ മ്യൂസിങ്ങളുണ്ടാക്കുന്നതിന് പ്ലാനും പദ്ധതികളുമായി മുന്നോട്ടു പോകട്ടെ. പുറത്ത് കാണിക്കാൻ കൊള്ളാത്ത എമ്പാടും പുരാതന പ്രോഗ്രാം പോളിസികളുടെ ഫയൽക്കെട്ടുകൾ കൈവശമുണ്ടല്ലൊ; അവ കാറ്റുതട്ടാതെ സൂക്ഷിക്കാനുപകരിക്കും.

അവസാനിപ്പിക്കുകയാണ്. വായനക്കാരേ, ‘പ്രബോധനം’ ലേഖനത്തിന്റെ അവസാനമെത്തുമ്പോഴേക്കും, സി. ദാവൂദ് എഴുതിയതു പോലെ, ‘രണ്ട് സൂചകങ്ങൾ’ നമുക്ക് ലഭിക്കുന്നുണ്ട്. ഒന്ന്: ഇസ്ലാമിന്റെ കാലാതിവർത്തിയായ പ്രമാണങ്ങളെ ശിർക്കിനുവേണ്ടി ദുർവ്യാഖ്യാനിക്കുന്ന ഒരു സമൂഹത്തിന്റെ അഭൂതപൂർവമായ വളർച്ച. രണ്ട്: ആ പ്രമാണങ്ങളെ യാഥാസ്ഥിതികങ്ങളായി കണ്ട് അവയെ മ്യൂസിയങ്ങളിൽ കാഴ്ചപ്പണ്ടങ്ങളായി ഒതുക്കിവെക്കാൻ സാധിച്ചിരുന്നെങ്കിൽ എന്ന് കൊതിക്കുന്ന ഒരു പിന്തിരിപ്പൻ സംഘത്തിന്റെ ഇച്ഛ. മുജാഹിദ് പ്രസ്ഥാനത്തിന് ഈ രണ്ട് സൂചകങ്ങൾക്കുമിടയിലാണ് പ്രവർത്തിക്കാനുള്ളത്. ഖുർആനും സുന്നത്തും കയ്യിലേന്തിക്കൊണ്ടുള്ള തളരാത്ത ജിഹാദ്. നരച്ചമുടിക്കാരും നിർബാധത്താടിക്കാരും നേതൃത്വം നൽകുന്ന ശക്തമായ ജിഹാദ്. അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ.